**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ.607**

**01.12.2015-ൽ മറുപടിയ്ക്ക്**

**ടെൽക്കിന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജോസ് തെറ്റയിൽ** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| **(എ)** എൻ.ടി.പി.സി യുടെ കഹൽഗാവ് പ്രോജക്റ്റിൽ ടെൽക്കിന് ലഭിച്ച 19 കോടി രൂപയുടെ ഓർഡർ ടെൽക് ഉപേക്ഷിക്കാനുണ്ടായ സാഹചര്യമെന്താണെന്നും ഇതുമൂലം കമ്പനിക്ക് ഉണ്ടായ നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ | **(എ)** ബാധകമായ പ്രവേശന നികുതി കണക്കാക്കാതെയാണ് വില ക്വോട്ട് ചെയ്തത്. അത് കാരണം ഓർഡർ ഏറ്റെടുത്ത് നടത്തിയിരുന്നെങ്കിൽ EMD നഷ്ടപ്പെടുന്നതിനേക്കാളും വലിയ നഷ്ടം നേരിടേണ്ടിവരുമായിരുന്നു. 36 ലക്ഷം രൂപയാണ് ഈ ഇനത്തിൽ കണ്ട് കെട്ടിയത്. |
| **(ബി)** ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | **(ബി)** ഈ പിഴവിന്റെ പ്രാഥമിക ഉത്തരവാദിയായ അസിസ്റ്റന്റ് മാനേജർ ജോലി രാജിവച്ച് പോകുകയുണ്ടായി. പ്രസ്തുത അസിസ്റ്റന്റ് മാനേജർ റിപ്പോർട്ട് ചെയ്തിരുന്ന മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റിലെ മറ്റ് ഉദ്യോഗസ്ഥന്മാർക്ക് ഇൻക്രിമെന്റ് തടയൽ ഉൾപ്പെടെയുള്ള ശിക്ഷകൾ നൽകുകയുണ്ടായി. മാർക്കറ്റിംഗ് മേധാവിയെ മാറ്റുകയും ചെയ്തു. |
| **(സി)** ടെൽക്കിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 25 കോടി രൂപയുടെ വികസനം സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ടും വിശദാംശങ്ങളും ലഭ്യമാക്കുമോ; | **(സി)** ടെൽക്ക് ഒരു സംയുക്ത സംരംഭമായതിനാൽ ടെൽക്കിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വികസനം സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് ജോയിന്റ് വെഞ്ചർ പങ്കാളിയായ എൻ.ടി.പി.സി കൂടി അംഗീകരിക്കേണ്ടതിനാൽ എൻ.ടി.പി.സി ബോർഡിന്റെ അംഗീകാരം തേടിയിരിക്കുകയാണ്. |

(ഡി) ബോർഡ് അംഗീകരിച്ച ക്യാപിറ്റൽ പ്രൊക്യുവർമെന്റ് പോളിസിക്ക് വിരുദ്ധമായി ടെൽക്കിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തിരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ടെൽക്കിൽ ബോർഡ് അംഗീകരിച്ച പ്രൊക്യൂർമെന്റ് പോളിസിക്ക് വിരുദ്ധമായി വികസന പ്രവർത്തനങ്ങളൊന്നും ഇതുവരെ നടത്തിയിട്ടില്ല.

(ഇ) ലാർജ് കപ്പാസിറ്റി ട്രാൻസ് ഫോർമറുകൾ കൂടുതൽ എണ്ണം നിർമ്മിക്കാൻ വേണ്ടി 2013 -ൽ 25 കോടി രൂപ മുടക്കി പൂർത്തീകരിച്ച വികസനങ്ങൾ കൊണ്ട് ടെൽക് കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത വികസനങ്ങളാൽ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ?

(ഇ) 2008 മുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ വികസനത്തിനായി 25 കോടിയോളം രൂപ ചെലവാക്കിയത് പുതിയ ക്രെയിൻ, വൈൻഡിംഗ് മെഷീൻ, ടെസ്റ്റിംഗ് ഉപകരണങ്ങൾ, ക്രെയിനുകൾ, വാക്വം പമ്പ്, പുതിയ ഷോപ്പ് ഏരിയ തുടങ്ങിയ കമ്പനിയുടെ പ്രഥമമായ ആവശ്യങ്ങൾക്കും ഉത്പാദന ക്ഷമത മെച്ചപ്പെടുത്തുന്നതിനും വേണ്ടിയായിരുന്നു. തുടർച്ചയായി ബ്രേക്ക് ഡൗൺ ആകുമായിരുന്ന പഴയ സൗകര്യങ്ങൾ മാറ്റി പുതിയവ കൊണ്ടുവരുന്നതും വികസനത്തിൽ ഉൾപ്പെടുത്തിയിരുന്നു.

പുതിയ സൗകര്യങ്ങളിൽ ചിലത് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രോഡക്റ്റ് സൈക്കിൾ ടൈം കുറയ്ക്കുന്നതിനും സഹായിച്ചു. കോയിൽ നിർമ്മാണത്തിലെ എല്ലാ സ്റ്റേജിലും അത്യാവശ്യമായ ഹ്യുമിഡിറ്റി ആന്റ് ഡസ്റ്റ് കൺട്രോൾ സൗകര്യങ്ങൾ ടെൽക്കിലില്ലായിരുന്നു. ABB, SIEMENS തുടങ്ങിയവയിലെ പുതിയ ഫാക്ടറികളുമായി താരതമ്യം ചെയ്യുമ്പോൾ മേൽപ്പറഞ്ഞ അസൗകര്യങ്ങൾ ടെൽക്കിന് വളരെ പ്രതികൂലമായിരുന്നു. വികസനം വഴി ഇവയെല്ലാം തിരുത്തി ഉപഭോക്താക്കൾക്ക് ഫാക്ടറി കൂടുതൽ മെച്ചമായി അനുഭവപ്പെടാൻ ഇടയാക്കി. ലാർജ് കപ്പാസിറ്റി ട്രാൻസ്ഫോർമറുകളുടെ ആവശ്യം കഴിഞ്ഞ 2 വർഷക്കാലമായി കുറഞ്ഞതുകാരണം പുതിയ സൗകര്യത്തിന്റെ 10% മൊത്തമായി ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. വിപണി സൗകര്യങ്ങൾ മെച്ചപ്പെടുന്നതിനനുസരിച്ച് പുതിയ സൗകര്യം മൊത്തമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ